പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം ***219**

18/06/2018 ൽ മറുപടിക്ക്

## റീ സർവ്വേ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.വി.എസ്. ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 1966 മുതൽ നടന്നുവരുന്ന റീ സർവ്വേ നടപടികൾ 50 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് 1966 ൽ ആരംഭിച്ച റീസർവെ നാളിതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലാത്ത വിഷയം ഗൗരവമായി പരിഗണിച്ച് സർവെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം കൂടി പ്രയോജനപ്പെടുത്തി സർവെ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) റീ സർവ്വേ നടത്തിയ വില്ലേജുകളിൽ ഉണ്ടായ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ; അല്ലെങ്കിൽ ഇതിനായി പ്രത്യേക അദാലത്തുകൾ താലൂക്ക് തലത്തിൽ നടത്തി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ പരിപാലനവും, റീസർവ്വേയ്ക്ക് ശേഷമുണ്ടായിട്ടുള്ള പരാതികൾ എൽ.ആർ.എം വിഭാഗം മുഖേന തീർപ്പാക്കുന്നതിനുള്ള ചുമതലയും അതാത് താലൂക്കുകളിലെ അഡീഷണൽ തഹസിൽദാർമാർക്ക് നൽകി ഉത്തരവായിരുന്നു. എന്നാൽ അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കുവാൻ കഴിയാത്തതിനെ തുടർന്ന് എൽ.ആർ.എം പരാതികൾ അതിവേഗം തീർപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ വിസ്തീർണ്ണ വ്യത്യാസം, അതിർത്തി മാറ്റം എന്നിവ അംഗീകരിക്കുന്നതിൽ ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ അധികാരം നിയമഭേദഗതി വരുത്തി താലൂക്ക് സർവ്വെയർക്ക് കൈമാറിയും ഉദ്യോഗസ്ഥ തലത്തിലുണ്ടായിരുന്ന വിവിധ തട്ടുകൾ കുറവ് ചെയ്ത് സർവ്വെയർ റിപ്പോർട്ട് പ്രകാരം പരാതികളിൽ തീർപ്പ് കൽപ്പിച്ച് ഉത്തരവാകുന്നതിനും റിക്കാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള ചുമതല |

(ഭൂരേഖ) തഹസിൽദാരിൽ നിക്ഷിപ്തമാക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിലും ധാരാളം പരാതികൾ തീർപ്പാക്കാക്കാതെ അവശേഷിക്കുകയും റീസർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പരാതികൾ ഫയൽ ചെയ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, എല്ലാ ജില്ലകളിലും വില്ലേജ് തലത്തിൽ എൽ.ആർ.എം. പരാതി പരിഹാര അദാലത്ത് സംഘടിപ്പിച്ച്, പരാതികൾ ബന്ധപ്പെട്ട സർവ്വേ, റവന്യൂ ഉദ്യോഗസ്ഥരുടെ കൂട്ടായുള്ള പരിശോധനയ്ക്ക് വിധേയമാക്കി നിലവിലുള്ള എൽ.ആർ.എം പരാതികൾ അടുത്ത 6 മാസം കൊണ്ട് പൂർണ്ണമായും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

| | |
|---|---|
| (സി) എത്ര കാലത്തിനുള്ളിൽ റീ സർവ്വേ നടപടികൾ പൂർത്തിയാക്കണമെന്നാണ് ഇതിനായി നിയോഗിച്ചിട്ടുള്ള ഏജൻസിയോട് നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവ്വെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള അനുവാദം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സർവെ നിയമം ഭേദഗതി, പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ചുമതലപ്പെടുത്തുന്നത് തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ